പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T6434 — 31.10.2011 ൽ മറുപടിക്ക്

## ആധാർ തിരിച്ചറിയൽ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഏതു സംവിധാനം മുഖേനയാണ് ആധാർ നടപ്പിലാക്കുന്നതെന്നും അതുമായി ബന്ധപ്പെട്ട സംസ്ഥാന-ജില്ലാതല ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കേരള രജിസ്ട്രാറിന്റെ കീഴിൽ അക്ഷയ, കെൽട്രോൺ, ഐ.ടി@സ്കൂൾ എന്നീ മൂന്ന് എൻറോളിംഗ് ഏജൻസികൾ വഴിയാണ് ആധാർ പദ്ധതി നടപ്പിലാക്കുന്നത്. കേരള രജിസ്ട്രാറിന്റെ കീഴിൽ ഐ.ടി. വകുപ്പാണ് നോഡൽ വകുപ്പ്. സംസ്ഥാന തലത്തിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ നോഡൽ ഏജൻസിയും ഐ.ടി. മിഷൻ ഡയറക്ടർ നോഡൽ ഓഫീസറുമാണ്. |
| (ബി) ആധാർ രജിസ്ട്രേഷനിലൂടെ തിരിച്ചറിയൽ കാർഡ് വാങ്ങിയിരിക്കണം എന്നതു നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഏതു നിയമം മൂലമാണ് അതു നിർബന്ധമാക്കിയിട്ടുള്ളത്; | (സി) ബാധകമല്ല. |
| (ഡി) പ്രസ്തുത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്; | (ഡി) ഇതിനായി മൂന്ന് എൻറോളിംഗ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ വഴിയും നഗരപ്രദേശങ്ങളിൽ കെൽട്രോൺ വഴിയും സ്കൂളുകളിൽ ഐ.ടി @സ്കൂൾ പ്രോജക്ട് വഴിയും എൻറോൾമെന്റ് നടത്തുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള എൻറോളിംഗ് ഏജൻസികൾ മുഖാന്തിരവും കാർഡു വിതരണം ചെയ്യുന്ന നടപടികളും പുരോഗമിക്കുന്നുണ്ട്. |
| (ഇ) പ്രസ്തുത കാർഡ് വിതരണം ചെയ്യുന്നതിന് ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട്? | (ഇ) ഇതിനകം ആധാറുമായി ബന്ധപ്പെട്ട് 21,65,665/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ